# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 334 09.03.2015 ൽ മറുപടിക്ക്

## റോഡപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ; | (എ) | അമിത വേഗത, റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിയ്ക്കുന്നവർക്കെതിരെ ലൈസൻസ് |

| | | | |
|---|---|---|---|
| | | | കണ്ടുകെട്ടുകയും, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു. ജില്ലാ തലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിയ്ക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിങ്ങ് പ്രവർത്തിച്ചു വരുന്നു. |
| (ബി) | 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു. |
| (സി) | റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തിയും കർശന വാഹന പരിശോധന നടത്തിയും സംസ്ഥാനത്ത് റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ | (സി) | റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടനയുടെ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി യിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ട് ഉയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർ മാർക്കുള്ള പരിശീലനം, വിദ്യാർത്ഥിക ൾക്കും, അധ്യാപകർക്കുമുള്ള |

| | | | |
|---|---|---|---|
| | നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | | പരിശീലനം ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനായി വാഹന പരിശോധനയുൾപ്പെടെയുള്ള വിശദാംശങ്ങൾ ചോദ്യം 'എ' യുടെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## 2. COMPARATIVE FIGURES- ROAD ACCIDENTS

### ITEM:TOTAL NO.OF PERSONS KILLED(FATALITIES)

| Month/ Year | 2010 | 2011 | 2012 | 2013 | 2014 | 2015 |
|---|---|---|---|---|---|---|
| *January* | 373 | 350 | 367 | 397 | 415 | 375 |
| *February* | 308 | 333 | 348 | 360 | 323 | |
| *March* | 353 | 351 | 319 | 429 | 335 | |
| *April* | 402 | 387 | 403 | 373 | 362 | |
| *May* | 405 | 387 | 387 | 412 | 395 | |
| *June* | 295 | 387 | 330 | 305 | 350 | |
| *July* | 273 | 387 | 328 | 304 | 304 | |
| *August* | 314 | 387 | 388 | 324 | 306 | |
| *September* | 328 | 387 | 330 | 330 | 308 | |
| *October* | 283 | 387 | 338 | 280 | 271 | |
| *November* | 281 | 387 | 329 | 349 | 325 | |
| *December* | 335 | 387 | 419 | 395 | 355 | |
| Annual Total | 3950 | 4517 | 4286 | 4258 | 4049 | 375 |

| 2011-2012 | 2012-2013 | 2013-2014 | 2014-2015 | |
|---|---|---|---|---|
| 4517 | 4438 | 4145 | 3351 | 0 |